**കേരള സർക്കാർ**
**കേരള വനം വന്യജീവി വകുപ്പ്**
**കോട്ടയം ഡിവിഷൻ**

**ഇ-ലേല പരസ്യം**

**KFDDO/34319/2025-TS1** **Date: 23.02.2026**

കോട്ടയം ആരണ്യഭവൻ ഫോറസ്റ്റ് കോംപ്ലക്സിലെ താഴെ പട്ടികപ്പെടുത്തിയിരിക്കുന്ന ഇനം മരങ്ങൾ മുറിക്കുന്നതിനുള്ള അവകാശം 02.03.2026-ന് എം.എസ്.ടി.സി മുഖേന ഇ-ഓക്ഷൻ ചെയ്ത് വിൽക്കുന്നതായിരിക്കും. എം.എസ്.ടി.സി-യിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ഇ-ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ 0481 2312008/2312006 എന്ന നമ്പറിൽ ബന്ധപ്പെടുക.

**ടെണ്ടർ പട്ടിക**

| ലോട്ട് നമ്പർ | മരങ്ങൾ നിൽക്കുന്ന സ്ഥലം | മരങ്ങളുടെ എണ്ണം | ഇനം | തടിയുടെ അളവ് (ഉദ്ദേശം) $M^3$ | തടിയുടെ മതിപ്പ് വില | ആകെ വില (വിറക് ഉൾപ്പെടെ) | നിരത ദ്രവ്യം |
|---|---|---|---|---|---|---|---|
| 1/2026 | ആരണ്യഭവൻ ഫോറസ്റ്റ് കോംപ്ലക്സ്, പാറമ്പുഴ, കോട്ടയം | 7 | മഴമരം, ആഞ്ഞിലി, പൊങ്ങല്യം, പ്ലാവ് | 7.695 | 35169/- | 45,016/- | 25000 |

| | |
|---|---|
| ഇ-ലേലം കൊള്ളുന്നതിനുള്ള തിയ്യതിയും സമയവും | 02.03.2026 ഉച്ചയ്ക്ക് ശേഷം 3.00 മുതൽ 4.00 മണി വരെ |
| കരാർ കാലാവധി | കരാർ തീയതി മുതൽ 10 ദിവസം വരെ |

മേൽ പ്രതിപാദിച്ചിട്ടുള്ള തീയതിയിൽ വിൽപ്പന നടക്കാത്ത സാഹചര്യം ഉണ്ടാകുന്ന പക്ഷം ടി ഓക്ഷൻ 13.03.2026, 19.03.2026 തീയതികളിൽ നടത്തപ്പെടുന്നതാണ്. ലേലസമയം സംബന്ധിച്ചുള്ള വിവരങ്ങൾക്ക് www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 11.12.2012-ലെ പ്രൊ.5-26274/12-ാം നമ്പറായി പ്രസിദ്ധീകരിച്ചിട്ടുള്ള ഡിപ്പോ ലേല വ്യവസ്ഥകൾക്കും നിൽപ്പുമരങ്ങളുടെ വിൽപ്പന സംബന്ധിച്ച് നിലവിലുള്ള മറ്റ് വ്യവസ്ഥകൾക്കും കൂടാതെ താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും ലേലം. ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ 01.03.2026-ാം തീയതി വൈകിട്ട് 5 മണിക്ക് മുമ്പായി നിരതദ്രവ്യം അടച്ചിരിക്കണം. ഈ തുക ഇ-ട്രഷറി മുഖാന്തിരം ഓൺലൈൻ ആയി കോട്ടയം ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ അടയ്ക്കാവുന്നതാണ്. ഇ-ലേലത്തിൽ പങ്കെടുക്കുന്ന ആളിന്റെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരന് മാത്രമേ ഇ-ഓക്ഷനിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു.

ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുമ്പായി മരങ്ങൾ കണ്ട് പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. അവ സംബന്ധിച്ച് യാതൊരു പരാതികളും ലേലത്തിന് ശേഷം പരിഗണിക്കുന്നതല്ല.

വിജയിക്കുന്ന ഇ-ലേലക്കാരൻ ലേല സ്ഥിരീകരണ കത്ത് ലഭിച്ച് 7 ദിവസത്തിനകം ലേല വിലയുടെ 35% തുക ഒടുക്കേണ്ടതാണ്. ഈ തുക കേരള സർക്കാരിന്റെ ഇ-ട്രഷറി സംവിധാനം മുഖേന അടക്കാവുന്നതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.

ലേലം കൊണ്ട ആൾക്ക് പ്രസ്തുത സ്ഥലത്ത് എന്യുമറേറ്റ് ചെയ്ത് നിർത്തിയിരിക്കുന്ന മരങ്ങൾക്ക് മാത്രം അവകാശമുള്ളതും മറ്റ് മരങ്ങൾക്ക് അവകാശമില്ലാത്തതുമാകുന്നു.

വിജയിയായ ലേലക്കാരൻ നിലവിലുള്ള നിരക്കിൽ ചരക്ക് സേവനനികുതി, വനവികസന നികുതി, വരുമാന നികുതി എന്നിവയും ഒടുക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ബാക്കി തുകയുടെ മൂന്നിലൊന്നും, മൊത്തം തുകയുടെ 5% വനവികസന നികുതിയും, നിലവിലുള്ള നിരക്കിൽ ചരക്ക് സേവന നികുതി, വരുമാന നികുതി എന്നിവയും ഒടുക്കി മൊത്തം ലേലത്തുകയുടെ 10% സെക്യൂരിറ്റി ഡിപ്പോസിറ്റും വെച്ച് 200 രൂപയുടെ മുദ്രപ്പത്രത്തിൽ ഉടമ്പടി വെക്കേണ്ടതുമാണ്. 15 ദിവസത്തിനുള്ളിൽ ടി തുകകൾ ഒടുക്കാതിരുന്നാൽ 12% പലിശയോടുകൂടി തുകകൾ ഒടുക്കുന്നതിന് 15 ദിവസത്തെ സമയവും 24% പലിശയോടുകൂടി 15 ദിവസത്തെ സമയവും യുക്തം പോലെ കോട്ടയം ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിക്കാവുന്നതാണ്. ഈ കാലാവധിക്കുള്ളിലും തുക ഒടുക്കാതെ വന്നാൽ കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് യുക്തം പോലെ 24% പലിശ നിരക്കിൽ 15 ദിവസത്തേക്കും വീണ്ടും 48% പലിശ നിരക്കിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), അവർകളുടെ യുക്തം പോലെ 15 ദിവസത്തേക്കും സമയം അനുവദിക്കാവുന്നതാണ്. എന്നാൽ മുകളിൽ പറഞ്ഞ സമയപരിധികളെല്ലാം കരാർ കാലാവധിക്കുള്ളിലായിരിക്കും.

ബാക്കിയുള്ള മൂന്നിൽ രണ്ട് ലേലത്തുക രണ്ട് തുല്യ ഗഡുക്കളാക്കി ഒടുക്കേണ്ടതാണ്. ആദ്യ ഗഡു കരാർ തീയതി മുതൽ 15 ദിവസത്തിനകവും രണ്ടാം ഗഡു കരാർ തീയതി മുതൽ ഒരു മാസത്തിനകമോ കരാർ കാലാവധിക്കകമോ ഏതാണോ ആദ്യം ആ കാലാവധിക്കുള്ളിലും ഒടുക്കേണ്ടതാണ്. ടി കാലാവധിക്കുള്ളിൽ പണം ഒടുക്കുവാൻ കഴിയാതെ വന്നാൽ 12% പലിശ നിരക്കിൽ കോട്ടയം ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് 15 ദിവസത്തേക്കും 24% പലിശ നിരക്കിൽ കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് യുക്തം പോലെ 30 ദിവസത്തേക്കും വീണ്ടും 30 ദിവസത്തേക്ക് 48% പലിശ നിരക്കിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), അവർകളുടെ യുക്തം പോലെയും കാലാവധി നീട്ടി കൊടുക്കാവുന്നതാണ്. എന്നാൽ നീട്ടി കൊടുക്കുന്ന കാലാവധികളെല്ലാം തന്നെ കരാർ കാലാവധിക്കുള്ളിലായിരിക്കും.

കരാർ കാലാവധി ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തീയതി മുതൽ 10 ദിവസമാണ്.

ടി കാലാവധിക്കുള്ളിൽ മുറിച്ച് നീക്കം ചെയ്യാത്ത മരങ്ങൾ കണ്ടുകെട്ടി സർക്കാരിലേക്ക് മുതൽകൂട്ടുന്നതും കരാറുകാരന് ആയതിൽ യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. കരാറുകാരൻ ചെയ്തു തീർക്കാനുള്ള ജോലികൾ വകുപ്പ് ചെയ്യിക്കുന്നതും ആയതിൽ വെച്ചുണ്ടാകുന്ന മുഴുവൻ ചെലവുകളും കരാറുകാരനിൽ നിന്ന് ഈടാക്കുന്നതുമായിരിക്കും.

മുറിച്ചു മാറ്റിയ മരങ്ങൾ സ്ഥലത്ത് നിന്നും നീക്കം ചെയ്യുന്നതിനുള്ള ലൈസൻസ് നൽകുന്നത് ലേലത്തുകയും നികുതികളും പൂർണ്ണമായും അടച്ചതിനു ശേഷം മാത്രമായിരിക്കും. നിലവിലുള്ള നിയമങ്ങളും ബാധകമായിരിക്കും. മുറിച്ച മരങ്ങൾ സ്ഥലത്തു നിന്നും നീക്കം ചെയ്യുന്നതിന് വനം വകുപ്പിൽ നിന്ന് പാസ്സ് കരാറുകാരൻ ലഭ്യമാക്കേണ്ടതാണ്. ലേലക്കാരൻ കാലാവധി തീരുന്നതുവരെ എല്ലാ സമയവും ലേല സ്ഥലത്ത് ഉണ്ടായിരിക്കേണ്ടതാണ്. യാതൊരു കാരണവശാലും സ്ഥാവര ജംഗമ വസ്തുക്കൾക്കോ, മറ്റ് മരങ്ങൾക്കോ നാശനഷ്ടങ്ങൾ വരുത്താൻ പാടില്ല. അങ്ങനെ ഉണ്ടാകുന്ന പക്ഷം നഷ്ടത്തിന് കരാറുകാരൻ ഉത്തരവാദി ആകുന്നതാണ്. മരങ്ങൾ നിൽക്കുന്ന സ്ഥലത്തിന്റെ 0.4 കി.മീ ചുറ്റളവിൽ സംഭവിക്കുന്ന എല്ലാവിധ കുറ്റകൃത്യങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയാവുന്നതാണ്. കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വിവരം വനംവകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കപ്പെടുന്നതാണ്. കരാറുകാരന്റെ സെക്യൂരിറ്റി തുക കാലാവധിക്ക് ശേഷം തിരിച്ചു നൽകുന്നതാണ്. എന്നാൽ സർക്കാരിലേക്ക് ബാധ്യതകൾ വല്ലതുമുണ്ടെങ്കിൽ സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ്. മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിനിടയിൽ സർക്കാരിനോ

സ്വകാര്യ വ്യക്തികൾക്കോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും കരാറുകാരന്റെ ജോലിക്കാർ, പൊതുജനങ്ങൾ എന്നിവർക്ക് സംഭവിക്കുന്ന അപകടമരണം എന്നിവക്കും കരാറുകാരൻ മാത്രം ഉത്തരവാദി ആയിരിക്കുന്നതാണ്.

നികുതി നിരക്കുകളിലും മറ്റ് സർക്കാർ ഫീസുകളിലും കാലാകാലങ്ങളിൽ സർക്കാർ വരുത്തുന്ന വർദ്ധനവിന് അനുസരിച്ച് തുക ഒടുക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

ഇ-ഓക്ഷൻ സംബന്ധിച്ച് എം.എസ്.ടി.സി പുറപ്പെടുവിച്ചിട്ടുള്ള പൊതു നിയമങ്ങളും നടപടി ക്രമങ്ങളും ടി ലേലത്തിന് ബാധകമായിരിക്കും. പൊതുലേല വ്യവസ്ഥകൾ പ്രകാരമുള്ള എല്ലാ നിബന്ധനകളും പൊതുലേലത്തിന് ബാധകമായിരിക്കും.

ഇ-ഓക്ഷൻ നിബന്ധനകളിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിന് ബാധകമായിരിക്കുന്നതും ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മറ്റൊരു അറിയിപ്പ് കൂടാതെ ലേലം റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

ഇ-ഓക്ഷൻ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മേൽവിലാസങ്ങളിൽ ഇ-മെയിൽ/ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഇ-മെയിൽ - dfo-ts-ktym.for@kerala.gov.in, dfotsdktym@gmail.com

ഫോൺ : ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്
ടിമ്പർ സെയിൽസ് ഡിവിഷൻ - 0481 2312008

സർക്കാർ തടി ഡിപ്പോ പാറമ്പുഴ - 0481 2312006

ടിമ്പർ സെയിൽസ് ഡിവിഷൻ
കോട്ടയം

ഡോ.പ്രസാദ് ജി.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
ടിമ്പർ സെയിൽസ് ഡിവിഷൻ
കോട്ടയം
(കേരള ഗവർണ്ണർക്കു വേണ്ടി)

പകർപ്പ് : വനംവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലേക്ക്.